(ബി&സി) നിലവിൽ ഓരോ മാസവും 1 മുതൽ 10 വരെയുള്ള തീയതികളിൽ ശമ്പളം, പെൻഷൻ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള ബില്ലുകൾ Ways and means clearance ഇല്ലാതെ ട്രഷറിയിൽ നിന്നും മാറി നൽകുന്നതാണ്. 50 ലക്ഷത്തിനു മുകളിലുള്ള മറ്റെല്ലാ ബില്ലുകൾക്കും Ways and means clearance ആവശ്യമാണ്.

സ്വയം സംരംഭക വികസന മിഷൻ

105(2093) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സ്വയം സംരംഭക വികസന മിഷൻ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത മിഷൻ സാമ്പത്തിക സഹായം നൽകുന്നത് ഏതെല്ലാം മേഖലകളിലുള്ളവർക്കാണ് ;

(സി) ജനങ്ങളിൽ സംരംഭക ശീലം വളർത്തുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് മിഷൻ കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്. 2011-12 ബജറ്റിൽ പ്രഖ്യാപിച്ച കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ നോഡൽ ഏജൻസിയാണ് കെ.എഫ്.സി. സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ മഹത്തായ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യവ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.

(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്ന പുതിയ പദ്ധതികൾക്കും നല്ല കാർഷികാധിഷ്ഠിത പദ്ധതികൾക്കുമാണ് സാമ്പത്തിക സഹായം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly